പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2310

06.10.2016-ൽ മറുപടിക്ക്

റവന്യൂ രേഖകൾ

ചോദ്യം

ശ്രീ.എ.എം. ആരിഫ് :

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വർഷങ്ങളായി കൈവശം വെച്ചിട്ടുള്ള ഭൂമിയിൽ വീട് വെച്ചു താമസിക്കുന്നവർക്ക്, അവരുടെ ഭൂമി റവന്യൂ രേഖകൾ പ്രകാരം നിലമെന്നോ, നികത്തുഭൂമിയെന്നോ രേഖപ്പെടുത്തിയതിന്റെ പേരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീട്ട് നമ്പർ ഇട്ട് കൊടുക്കാത്ത പ്രശ്നം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | നിയമാനുസൃതം അനുമതി വാങ്ങി മറ്റാവശ്യങ്ങൾക്ക് ഉപയുക്തമാകുന്ന ഭൂമിയിൽ നിർമ്മിക്കുന്ന വീടുകൾക്ക് നമ്പരിട്ട് നൽകുവാൻ നിയമ തടസ്സമില്ല. |
| (ബി) | ആയത് സംബന്ധിച്ച് അരൂർ എം.എൽ.എ. ഉന്നയിച്ച സബ്മിഷനിൽ ആവശ്യപ്പെട്ടത് പ്രകാരം റവന്യൂ, തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പ് മന്ത്രിമാരും ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറിമാരും ചേർന്ന് ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തല ത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്ത മാക്കാമോ? | (ബി) | ശ്രീ.എ.എം ആരിഫ് എം.എൽ.എ ഉന്നയിച്ച നിയമസഭാ സബ്മിഷനുള്ള മറുപടി ഉള്ളടക്കം ചെയ്യുന്നു. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെ 3A ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## വില്ലേജ് രേഖകളിൽ നിലം ആയി ഉൾപ്പെട്ടിട്ടുള്ളതും ഡാറ്റാ ബാങ്കിൽ നിലമായോ തണ്ണീർത്തടമായോ രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയെ സംബന്ധിച്ച് 18-07-2016-ന് അഡ്വ.എം.എ ആരിഫ് എം. എൽ. എ അവർകൾക്ക് അനുവദിച്ച ചട്ടം 304 അനുസരിച്ചുള്ള സബ്മിഷൻ

1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് [Kerala Land Utilisation Order – 1967] കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത് 1955-ലെ Essential Commodities Act-ന്റെ കീഴിലാണ്. മേൽ ആക്ട് ഒരു കേന്ദ്ര ആക്ട് ആണ്. കേരള ഭൂവിനിയോഗ ഉത്തരവിന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

i. ഉപയോഗ ശൂന്യമായ ഭൂമിയോ കൃഷിക്ക് അനുയോജ്യമായതും എന്നാൽ കൃഷി ചെയ്യാതെ തുടരുന്നതോ ആയ ഭൂമിയോ കണ്ടെത്തി അവിടെ നെൽകൃഷിയോ മറ്റ് വിളകളോ കൃഷി ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന്.

ii. ഭക്ഷ്യവിളകൾ കൃഷി ചെയ്തിരുന്ന ഭൂമി മറ്റ് ആവശ്യങ്ങൾക്കായി ജില്ലാ കളക്ടറുടെയോ റവന്യൂ ഡിവിഷണൽ ഓഫീസറുടെയോ (ജില്ലാ കളക്ടറുടെ പ്രസ്തുത അധികാരം ആർ.ഡി.ഒ യ്ക്ക് നൽകിയിട്ടുള്ള പക്ഷം) മുൻകൂർ അനുമതി ഇല്ലാതെ തരം മാറ്റുന്നത് തടയുന്നതിനായി വേണ്ട നടപടികൾ സ്വീകരിക്കുന്നതിന്.

തുടർന്ന്, വലിയ അളവിൽ ഭൂമി തരം മാറ്റുന്നതിന് തടയുന്നതിനായി 05.02.2002-ലെ സ.ഉ(സാധാ) നം.157/2002/AD പ്രകാരം തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

എന്നാൽ 1967-ലെ ഭൂവിനിയോഗ ഉത്തരവ് നിലനിൽക്കെ 2008-ലെ 28-ാം ആക്ട് ആയി കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ ആക്ട് നിലവിൽ വന്നു. സംസ്ഥാനത്ത് നെൽ വയലുകളും തണ്ണീർത്തടങ്ങളും അനിയന്ത്രിതമായി രൂപാന്തരപ്പെടുത്തുകയും വൻതോതിൽ പരിവർത്തനം ചെയ്യുന്നതായും ശ്രദ്ധയിൽ വന്നതിനെ തുടർന്നും മേൽ പ്രവൃത്തികൾ കാര്യക്ഷമമായി തടയുന്നതിന് ഫലപ്രദമായ യാതൊരു നിയമങ്ങളും നിലവിൽ ഇല്ലാത്തതിനാലുമാണ് മേൽ ആക്ട് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിനെ തുടർന്ന് തയ്യാറാക്കിയിട്ടുള്ള 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരമാണ് കൃഷിയോഗ്യമായ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി ഡാറ്റാബാങ്ക് തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്.

റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയതും എന്നാൽ ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ സ്ഥലങ്ങൾ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം പുരയിടമാക്കി മാറ്റുവാൻ വ്യവസ്ഥയില്ല. മറിച്ച് നെൽകൃഷി ഒഴികെയുള്ള കാർഷിക

ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ ഭൂമി ഉപയോഗിക്കുന്നതിനുള്ള അനുമതിയാണ് കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ /ആർ.ഡി.ഒ നൽകി വരുന്നത്.

2015-ലെ കേരള നെൽവയൽ തണ്ണീർത്തട ഭേദഗതി നിയമപ്രകാരം വില്ലേജ് രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയതും എന്നാൽ ഡാറ്റാബാങ്കിൽ 'നിലം' ആയി രേഖപ്പെടുത്താത്തതുമായ ഭൂമി 12.08.2008-ന മുൻപ്, അന്ന് നിലവിലുണ്ടായിരുന്ന ഏതെങ്കിലും നിയമത്തിന വിരുദ്ധമായി നികത്തിയിരുന്നുവെങ്കിൽ ആയത് ക്രമപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി നിയമഭേദഗതി ചെയ്തിരുന്നു. ഇതിനനുസൃതമായി ചട്ടങ്ങളും നിലവിൽ വന്നതോടു കൂടി ജില്ലകളിൽ അപേക്ഷകൾ സ്വീകരിച്ച് നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ, 2016-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മേൽപ്പറഞ്ഞ ഭേദഗതി റദ്ദാക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് നിലവിൽ വരുന്നതോടു കൂടി റവന്യൂ രേഖകളിൽ ' നിലം' ആയി ഉൾപ്പെട്ടതും എന്നാൽ 2008-ലെ നിയമപ്രകാരമുള്ള ഡാറ്റാബാങ്കിൽ 'നിലമായി' ഉൾപ്പെടാത്തതുമായ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയുക്തമാക്കണമെങ്കിൽ 1967-ലെ കേരള ഭൂവിനോയോഗ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി മാത്രമേ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം 'കളക്ടർ' എന്നാൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസറോ ജില്ലാ കളക്ടറോ ആയിരിക്കും എന്ന് നിർവ്വചിച്ചിട്ടുള്ളതിനാൽ ഈ അധികാരം മറ്റ് ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്യുവാൻ നിലവിലുള്ള നിയമപ്രകാരം സാദ്ധ്യമല്ല.

വില്ലേജ് രേഖകളിൽ 'നിലം' ആയി ഉൾപ്പെട്ടിട്ടുള്ളതും ഡാറ്റാബാങ്കിൽ 'നില' മായോ 'തണ്ണീർത്തട' മായോ രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിക്ക് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള വ്യവസ്ഥകളാണ് ബാധകമായിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ, ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചത് പ്രകാരം 2008-ലെ നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ ഭേദഗതി (3A) പിൻവലിച്ച് കൊണ്ട് പുതിയ ഉത്തരവ് നിലവിൽ വരുന്ന മുറയ്ക്ക് ബഹു. നിയമസഭാ സാമാജികൻ ചൂണ്ടിക്കാണിച്ചിട്ടുള്ള വിഷയത്തിൽ ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർക്ക് 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് (KLU) – ലെ വ്യവസ്ഥകൾക്ക് അനുസൃതമായി തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ